ഒരുപാട് ഓർമകളുണർത്തി ഒരോണം കൂടി.. ഓണപ്പൂക്കളങ്ങളുടെ മനോഹാരിതയിൽ ഒരു പ്രത്യേക ദളം വിടരുന്നു... ഓരോ മീറ്റുകളിലും നിറ സാന്നിദ്ധ്യമാകുന്നൊരാൾ..
"മിയ" എന്ന ഹ്യസ്വ ചിത്രത്തിൽ എന്ത് ചെയ്യണമെന്നറിയാതെ വ്യസനിച്ചുനിൽക്കുന്ന മിയമോളുടെ അച്ഛന്റെ അടുത്ത് ചെന്ന് ആ തോളിൽ കൈവച്ച്
"എടാ.. നീ തളരരുത്, നീ തളർന്നാൽ എല്ലാവരും തളരും നമ്മുടെ മോളും.. " എന്ന് വികാരധീനനായി പറയുന്ന ആ മുത്തച്ഛനെ ആർക്ക് മറക്കാനാകും? ഒരു ഇരുത്തം വന്ന നടനെപ്പോലെ മിയ എന്ന ചിത്രത്തിൽ മുത്തച്ഛന്റെ റോൾ കൈകാര്യം ചെയ്ത ആ അഭിനേതാവാണ് ഈ ആഴ്ചത്തെ നമ്മുടെ പ്രത്യേകദളം.

നവീൻ രമണൻ
ബാങ്ക് ഓഫ് ഇന്ത്യ
എസ് എം ഇ ശാഖ
തിരുവനന്തപുരം.

കെ എസ് ഇ ബി യിൽ നിന്നും സീനിയർ സൂപ്രണ്ട് ആയി വിരമിച്ച കെ രാധാ രമണന്റെയും ബി എസ് എൻ എല്ലിൽ നിന്നും സീനിയർ ഡിവിഷണൽ എഞ്ചിനീയർ ആയി വിരമിച്ച വിമലയുടെയും ഏക മകൻ. സഹോദരിമാർ രണ്ടു പേരും വിവാഹിതരായി കുടുംബമായി കഴിയുന്നു.

കൊല്ലത്തെ പോളയത്തോട് ഉള്ള റോസ് ഡെയ്ൽ സ്കൂളിലും മയ്യനാട് ഹയർ സെക്കൻഡറി സ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. പ്രീഡിഗ്രിയും, ജന്തുശാസ്ത്രത്തിൽ ബിരുദവും കൊല്ലം എസ്.എൻ.കോളേജിൽ. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദ പഠനം കൊല്ലത്ത് തന്നെ ഉള്ള ഒരു സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിൽ.

പഠനകാലത്ത് ചിത്ര രചന, എഴുത്ത്, ഇവയൊക്കെയാണ് ഉണ്ടായിരുന്നത്. സ്കൂൾ തലത്തിൽ ചിത്രരചനയ്ക്ക് ലഭിച്ച സമ്മാനങ്ങൾ ഇന്നും വിലപ്പെട്ട ഓർമ്മകൾ.

ബിരുദ പഠന കാലഘട്ടത്തിൽ തന്നെ ഒരു തൊഴിലിന് വേണ്ടിയുള്ള തയ്യാറെടുപ്പ് തുടങ്ങിയിരുന്നു.

ബിരുദാനന്തര ബിരുദം കഴിഞ്ഞ ഉടൻ തന്നെ ബാങ്ക് ഓഫ് ഇന്ത്യയുടെ ചുള്ളിമാനൂർ ശാഖയിൽ ബാങ്കിംഗ് ജീവിതത്തിന് തുടക്കമിട്ടു. ശേഷം കൊല്ലം, കടപ്പാക്കട എന്നിവിടങ്ങളിൽ ജോലി നോക്കവേ പ്രമോഷൻ നേടി മൈസൂർ ശാഖയിൽ ജോയിൻ ചെയ്തു. അവിടെ നിന്നും തിരുവല്ലയ്ക്ക് സമീപം ഉള്ള കുമ്പനാട് ശാഖയിലേക്കു മാറ്റം കിട്ടി. അടുത്ത പ്രമോഷൻ സമയത്ത് എറണാകുളം എം ജീ റോഡ് ശാഖയിലേക്ക്, പിന്നെ കൊച്ചിൻ കറൻസി ചെസ്റ്റ് (മട്ടാഞ്ചേരി), വില്ലിംഗ്ടൺ ഐലൻഡ് എന്നിവിടങ്ങളിൽ

ജോലി നോക്കിയ ശേഷം വീണ്ടും കടപ്പാക്കട ശാഖയിലെത്തി. നിലവിൽ തിരുവനന്തപുരം SME ശാഖയിൽ സീനിയർ മാനേജർ ആയി ജോലി നോക്കുന്നു.

ബാങ്ക് ജീവിതത്തിന്റെ ആദ്യ കാലത്ത്, തിരുവനന്തപുരത്തുള്ള ജീവനക്കാർ ചേർന്ന് ഇറക്കിയിരുന്ന മാസികയിൽ കാർട്ടൂൺ വരയ്ക്കുമായിരുന്നു. നല്ലൊരു ജോലി ലഭിച്ചപ്പോൾ എഴുതാനും, വരയ്ക്കാനും ഉള്ള കഴിവ് പതുക്കെ മടി മൂലം കുറഞ്ഞു. എങ്കിലും കൊല്ലത്ത് ജോലി ചെയ്ത കാലം ടി ബി യുടെ പ്രധാനികളിൽ ഒരാളായ അനിൽ ഉണ്ണിത്താനുമായി ഉണ്ടാക്കിയ ബന്ധം കലാസാംസ്കാരിക ലോകത്ത് ഒരു സംഘാടകനായി മാറാൻ തുണ ആയതും ആ ബന്ധം ടിബി യിലും ഊഷ്മളമായി തുടരാൻ കഴിയുന്നതും നവീന് ഏറെ സന്തോഷം നൽകുന്നു.

"മൗനം എത്രത്തോളം വാചാലമാകും എന്ന് ചോദിച്ചാൽ അത് നവീനോളം എന്ന് പറയും ഞാൻ. കൊല്ലം കടപ്പാക്കട ശാഖയിൽ നവീൻ ജോലി ചെയ്യുന്ന കാലത്തെ പരിചയം. ഒരേ മനസ്സോടെ പ്രവർത്തിക്കാൻ കഴിയുന്ന ഒരാളായി ഞാൻ അന്നേ കണ്ടിരുന്ന ഒരാൾ.
AIBEA സ്ഥാപകനേതാക്കളിൽ ഒരാളായിരുന്ന പ്രഭാത്കറിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് നടത്തിയ സാഹിത്യ മത്സരങ്ങളിൽ ലേഖനമത്സരത്തിൽ ഒന്നാം സമ്മാനം നേടി അന്നത്തെ ജനറൽ സെക്രട്ടറി ജോസ്സന്റെ കയ്യിൽ നിന്നും അവാർഡ് ഏറ്റുവാങ്ങിയ നവീന്റെ ചിത്രം ഇന്നും കൺമുന്നിൽ ഉണ്ട്. പിന്നീട് TB യിൽ ഒന്നിച്ചുപ്രവർത്തിക്കാൻ കഴിഞ്ഞപ്പോഴാണ് നവീന്റെ കഴിവുകൾ കൂടുതൽ തിരിച്ചറിഞ്ഞത്. ഏത് ആൾക്കൂട്ടത്തിലും എല്ലാവരെയും തേടിയെത്താനും രണ്ട് വാക്ക് സംസാരിക്കാനും നവീൻ കാട്ടുന്ന ആർജവം അനുകരണീയമാണ്." അനിൽ ഉണ്ണിത്താന്റെ വാക്കുകൾ.

"സുഹൃത്ബന്ധങ്ങൾക്ക് നവീൻ കൊടുക്കുന്ന പ്രാധാന്യം എല്ലാവരും കണ്ടുപഠിക്കേണ്ടതാണ്. TB യുടെ എല്ലാ പരിപാടികളിലും എല്ലാവരെയും ചേർത്തുനിർത്താൻ നവീൻ കാണിക്കുന്ന ഉത്സാഹം അഡ്മിൻ പാനലിന്റെ ചർച്ചകളിൽ നിറഞ്ഞു കാണാം. TB യിലൂടെ സ്വന്തം കഴിവുകൾ തിരിച്ചറിഞ്ഞവരിൽ മുന്നിൽ തന്നെയുണ്ട് നവീൻ" എന്ന് പറയുന്നത് മറ്റാരുമല്ല, TB യുടെ അമരക്കാരൻ സ്വപ്നരാജ്.

നവീന്റെ പിന്നീടുള്ള കർമരംഗം ടി ബി യാണ്. രമേഷ് സാർ അതോർക്കുന്നു...

"ടീ.ബി ഓഫ് ലൈൻ മെഗാമീറ്റ് ആദ്യമായി അരങ്ങേറിയ തൃശൂരിൽ മീറ്റിന്റെ തലേന്ന് വൈകുന്നേരം ഒരു ഫോൺ മെസ്സേജെത്തി.

" ഞാനെത്തി".

"എവിടെയാ?"
"വടക്കേ ബസ്സ് സ്റ്റാന്റിനടുത്തുള്ള ഹോട്ടൽ".
"ഞാനുടനെത്താം".

തൃശൂർ ചേമ്പർ ഓഫ് കോമേഴ്സ് ഹാളിന്റെ പ്രവേശന കവാടത്തിൽ സ്വാഗതമോതുന്ന ഒരു ചെറു പോസ്റ്റർ ചുരുളുമായി നവീനും ഞാനും മീറ്റ് സ്ഥലത്തേക്കു നടന്നു. പോസ്റ്റർ യഥായോഗ്യം പതിപ്പിക്കാൻ ആർട്ടിസ്റ്റ് വിൽസൺ നില്പുണ്ടവിടെ.

നവീന്റെ കണ്ണുകളിലെ തിളക്കവും ഉള്ളുതുറന്ന ചിരിയും വലതുകൈയാൽ തൃപ്തികരം ചാർത്തിയ മുദ്രയും ഒരുമിച്ചു കണ്ടു. കലയും സാഹിത്യവും ഉൾച്ചേർന്നു സമ്പുഷ്ടമാക്കിയ മനസ്സിന്റെ പ്രതിരൂപമായി നവീൻ മുന്നിൽ.

അന്നുതൊട്ടിന്നോളം നവീൻ -സമം- ടീബിയുടെ ഉൾക്കാമ്പ് എന്ന സമവാക്യമായി മാറിയ പ്രിയപ്പെട്ട നവീൻ രമണൻ.

നവീനും ഓർമയുണ്ട്... അവിടെ നിന്നും ലിറ്റററിക്ലബിലേക്ക്.. പിന്നെ രമേഷ് സാറിന്റെ ക്ഷണപ്രകാരം എഡിറ്റോറിയൽ ബോർഡിലേക്ക്.. നിരവധി പ്രതിഭകളെ കണ്ടെത്തി അവതരിപ്പിക്കാൻ കഴിഞ്ഞത് വലിയ ഭാഗ്യം എന്ന് നവീൻ.

"നവീൻ രമണൻ സാറിനെ കുറിച്ച് രണ്ട് വരി എഴുതുമോ? എന്നെന്നോട് ചോദിച്ചപ്പോൾ സത്യത്തിൽ ഞാൻ ഒന്ന് ഷോക്ക് ആയി.. ജോലി ചെയ്യുന്നത് ഒരു ബാങ്കിൽ ആണെങ്കിലും, ഒരുമിച്ച് ഒരു ബ്രാഞ്ചിൽ ആളോടൊത്ത് ജോലി ചെയ്യാനുള്ള ഭാഗ്യം എനിക്ക് കിട്ടിയിട്ടില്ല. അതുകൊണ്ട് തന്നെയാവണം എന്ത് എഴുതും എന്നോർത്തു ഞാൻ ഷോക്ക് ആയത്. എന്നെ ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മയിലേയ്ക്ക് കൂട്ടികൊണ്ട് വന്നതും ടാലന്റഡ് ബാങ്കർ ആക്കാൻ മുൻകൈ എടുത്തതും നവീൻ സാറാണ്. നേരിട്ട് ആദ്യമായി കാണുന്നത് ആലുവയിലെ സെക്കന്റ് TB മീറ്റിൽ വെച്ചാണെങ്കിലും, വർഷങ്ങൾ നീണ്ട പരിചയം പോലെയാണ് എനിക്ക് അനുഭവപ്പെട്ടത്. നവീൻ സർ എന്ന വിളി നവീൻ ചേട്ടൻ എന്നായി മാറാൻ അധികനേരം വേണ്ടിവന്നില്ല.. ആളെ കുറിച്ച് എന്താ ഇപ്പോൾ ഞാൻ ഒറ്റവരിയിൽ പറയാ?
A Gem of a person..💎
one in a million.. 🔥

മുൻകാല ടി ബി യും എഴുത്തുകാരനുമായ ആശിഷ് ബെൻ പറയുന്നു.

"TB മീറ്റുകൾ വഴിയാണ് നവീൻ സാറുമായുള്ള സൗഹൃദം.. ആകെ ആറോ എഴോ പ്രാവശ്യം കണ്ടിട്ടുണ്ട്.. എന്നാൽ എത്രയോ വർഷം അടുപ്പമുള്ള പോലെയാണ് ഓരോ കണ്ടുമുട്ടലുകളിലും ഇടപെടുന്നത്.. "മിയ "യിൽ

പ്രവർത്തിച്ച എല്ലാവർക്കും അദ്ദേഹം നവീൻ മാമനാണ്.. സിൽവർ സ്പൂൺ ഡബ്ബിങ്ങിനു തിരുവനന്തപുരം സ്റ്റുഡിയോയിൽ എത്തിയപ്പോൾ കണ്ടത് നവീൻ സാറിന് നന്ദകുമാർ സാർ ശബ്ദം നൽകുന്നതാണ്.. സ്വർണ്ണത്തിന് സുഗന്ധം വരിക എന്നൊരു പ്രയോഗം ഉണ്ടല്ലോ.. സത്യത്തിൽ അതാണ് ഓർമ്മ വന്നത്."

പറഞ്ഞത് ട്രോൾ ഗ്രൂപ്പിന്റെ രാജാവ്, സംവിധായകൻ റിനു കെ ജോർജ്.

മിയയിൽ പ്രധാന കഥാപാത്രമായ അനുശീലനും ഏറെ പറയാനുണ്ട്,

"ജീവിതത്തിൽ വളരെ ചെറിയ പ്രശ്നങ്ങൾ ഉണ്ടായാൽ പോലും തളർന്നു പോകുന്നവരാണ് നമ്മളൊക്കെ. പക്ഷേ നവീൻ സർ ആ കാര്യത്തിൽ നമുക്കൊരു ടെക്സ്റ്റ് ബുക്ക് ആണ്. തന്റെ പരിമിതികൾ എങ്ങനെ പോസിറ്റീവ് ആയി കണ്ടുകൊണ്ട് മറികടക്കാമെന്ന് നമുക്കൊക്കെ കാണിച്ചു തരുന്ന ഒരു മാർഗ്ഗദർശിയാണ് അദ്ദേഹം. കൂടെയുള്ളവർക്ക് അദ്ദേഹം പകർന്നു നൽകുന്ന ഊർജം അത്ര ചെറുതല്ല.

മിയയുടെ സംവിധായകൻ സുധിക്ക് പറയാനുള്ളതെല്ലാം ആറ്റിക്കുറുക്കി രണ്ട് വാക്കുകളിൽ ഒതുക്കുമ്പോൾ അതിങ്ങനെ..
"Our guardian angel,
Mr dependable"

നവീന്റെ വാക്കുകൾ തുടരുന്നു...
"തിരുവനന്തപുരത്ത് വച്ചു നടന്ന ടി ബി മീറ്റിൽ സുധിയുടെ നേതൃത്വത്തിൽ എന്റെ പ്രിയപെട്ട ഗ്രൂപ്പ് അണിയിച്ചൊരുക്കിയ "മിയ" എന്ന ഹ്രസ്വ ചിത്രത്തിൽ ഒരു വേഷം ലഭിച്ചു. ഞാനേറെ ഇഷ്ടപ്പെടുന്ന, അഭിമാനിക്കുന്ന TB യുടെ വേദിയിൽ വച്ച് TB യുടെ അമരക്കാരൻ ആയ സ്വപ്നരാജ് സർ, അനിൽ ഉണ്ണിത്താൻ സാർ, മറ്റു ഗവണിംഗ് ബോഡി അംഗങ്ങൾ ഇവരുടെ സാന്നിദ്ധ്യത്തിൽ ഗുരുസ്ഥാനീയൻ ആയ ശ്രീ രമേശ് സാറിൽ നിന്നും കൈപ്പറ്റിയ "മിയ" യിലെ അഭിനയത്തിനുള്ള സ്പെഷ്യൽ ജൂറി അവാർഡ് ആണ് ഏറ്റവും വിലപ്പെട്ട അംഗീകാരം.

ജീവിതത്തിൽ അധികം ഒന്നും നേട്ടങ്ങൾ ചൂണ്ടി കാട്ടാനില്ല. ഉള്ളിൽ ഉറങ്ങി കിടന്നിരുന്ന കഴിവുകൾ ഉണർത്താനും, പരിപോഷിപ്പിക്കാനും TB എന്ന കൂട്ടായ്മ ഏറെ പ്രോൽസാഹനം തന്നു."

ആലപ്പുഴ ജില്ലയിലെ കൈനടി ഗവൺമെന്റ്ഹോമിയോ ഡിസ്പെൻസറിയിൽ മെഡിക്കൽ ഓഫീസർ ആയ ഡോ. സീതൾ സുഗതൻ ആണ് ജീവിത പങ്കാളി. കൊല്ലം, ശാസ്താംകോട്ട ബസേലിയോസ് മാർ എൻജിനീയറിങ് കോളജിൽ B Tech വിദ്യാർത്ഥി ആയ അദ്വൈതും പത്തനംതിട്ട ഭാരതീയ വിദ്യാ ഭവനിൽ ആറാം ക്ലാസ് വിദ്യാർത്ഥി ആയ ആദിത്തും ആണ് മക്കൾ.

"സ്വപ്നരാജ് അമരക്കാരനായ TB എന്ന മനോഹര കൂട്ടായ്മയിൽ അംഗം ആകാൻ കഴിഞ്ഞതിൽ ഏറെ അഭിമാനമുണ്ട് എന്ന് നവീൻ. സ്കൂൾ പഠന കാലത്ത് തന്നെ ആദരവ് തോന്നിയിരുന്ന കൊല്ലത്തെ കലാകാരന്മാരുടെ കൂട്ടായ്മ ആയ BEES എന്ന കലാസംഘടനയുടെ അമരക്കാരിൽ ഒരാളായ അനിൽ സാറിനെ പിന്നീട് TB യുടെ അമരക്കാരിൽ ഒരാളായി കാണാനും, TB യിൽ ഒന്നിച്ചു പ്രവർത്തിക്കാനും കഴിഞ്ഞത് അതിലേറെ ഭാഗ്യം ആയി കരുതുന്നു.
എല്ലാവരോടും സ്നേഹം മാത്രം."എന്ന് മുഖദാവിൽ മൊഴിയുമ്പോൾ കണ്ണുകളിൽ നനവ് പടർന്നു.

പ്രിയ നവീൻ, നിങ്ങൾക്ക് ഇനിയും ഏറെ മുന്നോട്ട് പോകാനുണ്ട്.. ആ യാത്രയിൽ ഞങ്ങളുണ്ട് ഒപ്പം. ആശംസകൾ!!

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

-----------------------------------------------------------------------------------------------